**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1596** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പയ്യനാട് സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതിയും വികസന പദ്ധതികളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി പയ്യനാട് സ്പോർട്സ് കോംപ്ലക്സിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിലുള്ള ജില്ലാ സ്പോർട്സ് അക്കാദമിയിൽ എലൈറ്റ് പരിശീലന കേന്ദ്രം ഒന്നാംഘട്ട പ്രവൃത്തിയുടെ ഭാഗമായി ഡൈനിംഗ് ഹാൾ, ബോയ്സ് ഹോസ്റ്റലുകൾ എന്നിവയുടെ നവീകരണം, വാഷ് ഏരിയയുടെ നിർമ്മാണം, ഇന്റർലോക്ക് ഇടൽ, നിലവിലുള്ള ബാസ്ക്കറ്റ്ബോൾ കോർട്ടുകളുടെയും അനുബന്ധ സിവിൽ പ്രവൃത്തികൾക്കുമായി 25.07.2024ലെ സർക്കാർ ഉത്തരവ് നമ്പർ.157/2024/കാ.യു.വ പ്രകാരം 74,41,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണപ്രവൃത്തികൾ 98% പൂർത്തിയായിട്ടുണ്ട്. 2026 ഒക്ടോബർ മാസം അവസാനത്തോടെ പ്രവൃത്തികൾ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**(ബി)** പ്രസ്തുത കോംപ്ലക്സിന്റെ ശേഷിക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** പയ്യനാട് സ്പോർട്സ് കോംപ്ലക്സിനെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി പുതിയ ഏതെങ്കിലും പദ്ധതികളോ മാസ്റ്റർ പ്ലാനോ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

**<u>മറുപടി:</u>** കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട മലപ്പുറം ജില്ലാ സ്റ്റേഡിയമായ മൊയ്തീൻകുട്ടി മെമ്മോറിയൽ ഇൻഡോർ സ്പോർട്സ് കോംപ്ലക്സ്, മഞ്ചേരി എന്ന പദ്ധതി പയ്യനാട് സ്റ്റേഡിയത്തിൽ നിർമ്മിക്കുന്നതിനായി 11.05.2023ലെ സർക്കാർ ഉത്തരവ് നമ്പർ. 130/2023/കാ.യു.വ പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ സാധിച്ചില്ല. തുടർന്ന് 26.11.2024ലെ സർക്കാർ ഉത്തരവ് നമ്പർ.276/2024/കാ.യു.വ പ്രകാരം ഈ പദ്ധതിയുടെയും, കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം, തിരൂർ മുൻസിപ്പൽ സ്റ്റേഡിയം എന്നീ പദ്ധതികളുടെ ഭരണാനുമതി തുകയും ചേർത്ത് 125 കോടി രൂപയ്ക്ക് തിരൂർ കാലിക്കറ്റ് യൂണിവേഴ്സിറ്റി ക്യാമ്പസിൽ ഇന്റർനാഷണൽ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള പുതുക്കിയ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. .

ഇൻഡോർ സ്റ്റേഡിയത്തിന്റെ ഡി.പി.ആർ തയ്യാറാക്കി 07.10.2024ന് അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ അറിയിച്ചിട്ടുണ്ട്.

**(ഡി)** പ്രസ്തുത കോംപ്ലക്സിൽ കായികതാരങ്ങൾക്ക് കൂടുതൽ പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** പ്രസ്തുത കോംപ്ലക്സിൽ കായിക താരങ്ങൾക്ക് കൂടുതൽ പരിശീലന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ് പൂൾ, സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**